

# ആറളം

# ആദിവാസി സമരം 75 ദിവസങ്ങൾ പിന്നിടുന്നു

സന്ദീപ് കെ

ആറളം ഫാം പുനരധിവാസം നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് കണ്ണൂർ കലക്ടറേറ്റിനു മുന്നിൽ ആദിവാസികൾ നടത്തുന്ന അനിശ്ചിതകാല സത്യാഗ്രഹം 75 ദിവസം പിന്നിട്ടു. ആറളം ഫാം ആദിവാസികളെ പുനരധിവസിപ്പിക്കുക, ജാതീയവും വംശീയവുമായ വിവേചനം അവസാനിപ്പിക്കുക എന്ന ആവശ്യവുമായി ജൂൺ ഏഴ് മുതലാണ് ആദിവാസികൾ സമരം തുടങ്ങിയത്. എഡി എമ്മുമായി രണ്ടു വട്ടവും കലക്ടറുമായി ഒരു വട്ടവും ചർച്ച നടത്തിയെങ്കിലും ആദിവാസി പുനരധിവാസം സർക്കാരിന്റെ അജണ്ടയിൽ ഇല്ലാത്ത കാര്യമാണെന്നാണ് കലക്ടർ അറിയിച്ചിട്ടുള്ളത്.

മുത്തങ്ങ സമരത്തിന്റെ പശ്ചാത്തലത്തിൽ ആദിവാസി പുനരധിവാസ ഫണ്ടിൽ നിന്നും 42 കോടി രൂപ ചെലവഴിച്ചാണ് ആറളം ഫാം ആദിവാസികൾക്ക് നല്കാൻ സർക്കാർ തീരുമാനിച്ചത്. 2006 മാർച്ച്, 2007 ഒക്ടോബർ മാസങ്ങളിൽ നടന്ന പട്ടയ വിതരണ മേളയിലാണ് 2400 ആദിവാസികൾക്ക് 7000 ഏക്കർ ഭൂമിയാണ് സർക്കാർ വിതരണം ചെയ്തത്. ഇതിൽ മൂന്നിൽ രണ്ട് ഭാഗം വയനാട് ജില്ലയിലെ ആദിവാസികൾക്കും ഒരു ഭാഗം കണ്ണൂർ ജില്ലയിലെ ആദിവാസികൾക്കും വേണ്ടിയാണ് നീക്കിവെച്ചത്. എന്നാൽ പിന്നീട് പുനരധിവാസ പ്രവർത്തനങ്ങൾ പൂർണ്ണമായും അട്ടിമറിക്കപ്പെടുകയാണുണ്ടായത്. ജീവിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാതിരുന്നതിനാൽ പട്ടയം ലഭിച്ച ഭൂരിപക്ഷം ആദിവാസികളും കോളനികളിലേക്ക് തിരിച്ചു പോവുകയായിരുന്നു. പാരമ്പര്യവാസികളായ 300 കുടുംബങ്ങൾ മാത്രമാണ് ഇപ്പോൾ ഫാമിൽ താമസിക്കുന്നത്. ആറളം വന്യജീവി സങ്കേതത്തെയും ഫാമിനെയും വേർതിരിക്കുന്ന വൈദ്യുതിവേലി അധികൃതർ നീക്കം ചെയ്തതോടെ ശേഷിക്കുന്നവരുടെ ജീവിതവും അനിശ്ചിതത്വത്തിലായിരിക്കുകയാണ്.

**സമരപ്പന്തലിൽ നിന്നും അശോക്**

ഫാമിലെ 7000 ഏക്കർ ഭൂമിയിൽ 3500 ഏക്കർ കമ്പനിയാക്കാനുള്ള ശ്രമങ്ങളാണ് ഇപ്പോൾ നടക്കുന്നത്. ഭൂമി കമ്പനിക്ക് കൈമാറിയ ശേഷം മാത്രമേ പുനരധിവാസം പരിഗണിക്കേണ്ടതുള്ളൂ എന്ന് സർക്കാർ നിർദ്ദേശിച്ചതായി സമരസമിതി നേതാക്കളോട് കലക്ടർ വ്യക്തമാക്കിയിരുന്നു. ആദിവാസികൾക്ക് അവകാശപ്പെട്ട ഭൂമി കമ്പനിയാക്കാൻ ഞങ്ങൾ അനുവദിക്കില്ല. 8000ഓളം ഭൂരഹിതരുടെ അപേക്ഷകൾ അവശേഷിക്കുമ്പോഴാണ് കമ്പനിയാക്കനുള്ള ശ്രമങ്ങൾ നടക്കുന്നത്. 7000 ഏക്കർ സ്ഥലത്തിന്റെ മൂന്നിലൊരു ഭാഗം വയനാട്ടിലെ ആദിവാസികളുടേതാണ്. അത് അവർക്ക് നല്കണം. ആറളം വന്യജീവി സങ്കേതത്തെയും ഫാമിനെയും വേർതിരിക്കുന്ന വൈദ്യുതിവേലി നീക്കം ചെയ്തതോടെ വന്യജീവികൾ ഫാമിലേക്ക് ഇറങ്ങിത്തുടങ്ങിയിട്ടുണ്ട്. ആദിവാസികളെയും അവരുടെ കുടിലുകളെയും വന്യജീവികൾ ആക്രമിക്കുകയാണ്. ആക്രമണം ഭയന്ന് പലരും വിവിധ ദിക്കുകളിലേക്ക് പലായനം ചെയ്യുകയാണ്. വൈദ്യുതി

വേലി പുനഃസ്ഥാപിക്കുമെന്നാണ് അധികാരികൾ ചർച്ചയിൽ പറഞ്ഞിരിക്കുന്ന ഒരു കാര്യം. ഇക്കോടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി പുനരധിവാസ പ്രദേശം ഏറ്റെടുക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഞങ്ങളുടെ ആവശ്യങ്ങൾ അംഗീകരിച്ച് സർക്കാരിൽ നിന്നും അനുകൂല തീരുമാനം ഉണ്ടാകുന്നതുവരെ സമരം തുടരും. വയനാട്, കാസർഗോഡ് ജില്ലകളിലേക്കും സെക്രട്ടേറിയറ്റ് പടിക്കലേക്കും സമരം വ്യാപിപ്പിക്കാൻ

## വഞ്ചിച്ച അച്യുതാനന്ദനേക്കാൾ നല്ലത് വെടിവച്ച ആന്റണി: സി കെ ജാനു

ആലോചിക്കുന്നുണ്ട്. ഞങ്ങളുടെ ആവശ്യങ്ങൾ ഉൾപ്പെടുത്തികൊണ്ട് മുഖ്യമന്ത്രിക്ക് ഒരു കത്ത് സമർപ്പിച്ചിട്ടുണ്ട്. നാട്ടുകാർ തരുന്ന സാമ്പത്തിക സഹായത്തിൽ നിന്നാണ് ഇപ്പോൾ സമരപ്പന്തലിൽ ഉള്ളവർ ജീവിക്കുന്നത്.

## സി.കെ ജാനുവും ഗീതാനന്ദനും മുഖ്യമന്ത്രിക്ക് അയച്ച കത്ത്

സർ,

കേരളത്തിലെ ഏറ്റവും വിപുലമായ ആദിവാസി പുനരധിവാസ മേഖലയായ ആറളം ഫാമിലെ ആദിവാസികളുടെ പുനരധിവാസ പ്രശ്നത്തിൽ താങ്കൾ അടിയന്തിരമായി ഇടപെടണമെന്നും, ശാശ്വത പരിഹാരമുണ്ടാക്കണമെന്നും വിനീതമായി അപേക്ഷിക്കുന്നു.

മുത്തങ്ങ സംഭവത്തിന് ശേഷം കണ്ണൂർ-വയനാട് ജില്ലകളിലെ ഭൂരഹിതരായ ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടിയായിരുന്നു ആദിവാസി പുനരധിവാസ ഫണ്ടിൽ നിന്നും 42 കോടി രൂപ കൈമാറി കേന്ദ്ര സർക്കാരിൽ നിന്നും ആറളം ഫാം വിലക്ക് വാങ്ങുന്നത്. കേരളത്തിലെ ഏറ്റവും നല്ല കൃഷി ഭൂമിയായതു കൊണ്ട് ആദിവാസികൾക്ക് ഫാം നല്കരുതെന്ന് രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ പോലും കേന്ദ്ര സർക്കാറിനോട് ആവശ്യപ്പെട്ടിട്ടും, നീറുന്ന ഒരു സാമൂഹിക പ്രശ്നം പരിഹാരിക്കാനായിരുന്നു ഉദാര നിരക്കിൽ കേന്ദ്ര സർക്കാർ ആറളം ഫാം കൈമാറുന്നത്.

ആറളം ഫാമിന്റെ മൂന്നിൽ രണ്ട് ഭാഗം വയനാട് ജില്ലയിലെ ആദിവാസികളെ പുനരധിവസിപ്പിക്കാനും മൂന്നിൽ ഒന്ന് ഭാഗം കണ്ണൂർ ജില്ലയിലെ ആദിവാസികളെ പുനരധിവസിപ്പിക്കാനും ഉപയോഗിക്കുമെന്നായിരുന്നു സംസ്ഥാന സർക്കാർ ആദിവാസി സംഘടനകളെ അറിയിച്ചിരുന്നത്. എന്നാൽ ഭൂമി കൈമാറിയപ്പോൾ പകുതി ഭൂമി ഫാമായി നിലനിർത്താനും ഒരു കമ്പനിക്ക് കൈമാറാനും സംസ്ഥാന സർക്കാർ തീരുമാനിച്ചു.

ശക്തമായ ആദിവാസി പ്രക്ഷോഭത്തെ തുടർന്ന് മാത്രമേ പകുതി ഭൂമിയിൽ നിന്ന് പോലും ആദിവാസികൾക്ക് ഭൂമി പതിച്ചു കൊടുത്തുള്ളു. 2006 മാർച്ചിലും 2007 ഒക്ടോബറിലുമായി 2400 ഓളം കുടുംബങ്ങൾക്ക് സർക്കാർ പട്ടയം നല്കി. ഏറെ പ്രതീക്ഷയോടെയാണ് പട്ടയം കിട്ടിയ ആദിവാസികൾ ആറളം ഫാമിലെത്തിയത്. എന്നാൽ പുനരധിവാസമെന്ന് പദ്ധതിയുടെ ദൗത്യം പൂർണ്ണമായും ഉപേക്ഷിക്കപ്പെട്ടു. പുനരധിവാസ പദ്ധതിയുടെ ഒരു മാതൃകയായി മാറ്റാൻ കഴിയുമായിരുന്ന ആറളം ഫാമിലെ ആദിവാസികൾ മുഴുവൻ പട്ടയ ഭൂമി വിട്ട് അവർ വന്ന കോളനിയിലേക്ക് തിരിച്ചു പോയ സ്ഥിതിയാണ് ഇപ്പോഴുള്ളത്. ആറളം ഫാമിലെ പാരമ്പര്യവാസികളായ കൈതക്കൊല്ലി-ഓടന്തോട് കോളനികളിലും പരിസരങ്ങളിലുമുള്ള 300 ഓളം കുടുംബങ്ങളെ ഇന്ന് ഫാമിലുള്ളു. പട്ടിണിയും ദാരിദ്ര്യവും കൊണ്ടാണ് ബഹുഭൂരിപക്ഷം ആദിവാസികളും തിരിച്ചു പോയത്.

പുനരധിവാസത്തിന്റെ ഭാഗമായി ആറളം ഫാമിൽ എത്തിച്ചേർന്ന 7000 ത്തോളം വരുന്ന ആദിവാസികൾക്ക് ജീവിക്കാനുള്ള തൊഴിൽ ഫാമിലില്ല. ഭൂമി നല്കുന്നതോടൊപ്പം കൃഷി ചെയ്യാനുള്ള സാമ്പത്തിക സഹായവും മറ്റ് തൊഴിലുകളും ഉറപ്പുവരുത്തുന്നില്ലെങ്കിൽ പുനരധിവാസ ഭൂമിയിലൽ ആദിവാസികൾക്ക് പിടിച്ചു നില്ക്കാൻ കഴിയില്ലെന്ന് ഏവർക്കും അറിയാം. എന്നാൽ പട്ടയ കടലാസുകളല്ലാതെ ഒരു പുതിയ ജീവിതം കരുപ്പിടിപ്പിക്കാൻ ആദിവാസികൾക്ക് സർക്കാർ ഒന്നും നല്കിയില്ല.

കൃഷി ചെയ്യാനുള്ള സാമ്പത്തിക സഹായമോ, തൊഴിലോ, ഭവന നിർമ്മാണമോ, കുടിവെള്ളമോ, ചികിൽസാ സൗകര്യങ്ങളോ, പണിയായുധങ്ങളോ ഒന്നും അവർക്ക് നല്കിയിരുന്നില്ല. താങ്കൾ ഉദ്ഘാടനം ചെയ്ത പട്ടയമേളയിൽ ആദിവാസി കുട്ടികൾക്കായി നല്കിയ സ്കൂൾ ബസ് പോലും തിരുനന്തപുരത്തേക്ക് തന്നെ തിരിച്ചു കൊണ്ടു പോയി. പല നാടുകളിൽ നിന്നും ടി സി വാങ്ങി ആറളം ഫാം സ്കൂളിൽ ചേർന്ന 130 ഓളം കുട്ടികൾ പഠനം മതിയാക്കി കോളനികളിലേക്ക് തിരിച്ചു പോയി. കാട്ടുതീ കൊണ്ട് 4000ഓളം പുരയിടങ്ങൾ അഗ്നിക്കിരയായി. കുടിലുകൾ നഷ്ടപ്പെട്ടു. കാട്ടായനയുടെ ആക്രമണം കൊണ്ട് കുടിലുകൾ തകർക്കപ്പെട്ടു. വന്യജീവികളുടെ ആക്രമണം കൊണ്ട് ഒരു ആദിവാസി കൊല്ലപ്പെട്ടു. പലർക്കും പരിക്കു പറ്റി. അധികാരികൾ എന്തെങ്കിലും നടപടികളെടുക്കുകയോ നഷ്ടപരിഹാരം നല്കുകയോ ചെയ്തിട്ടില്ല.

ഏറ്റവും അവസാനമായി അവശേഷിക്കുന്നവരെ കുടിയിറക്കാൻ വർഷങ്ങളായി ആറളം വന്യജീവി സങ്കേതവും പുനരധാവിസ ഭൂമിയും വേർതിരിക്കുന്ന വൈദ്യുത വേലി പൊളിച്ചു മാറ്റുകയും ചെയ്തു. ഫാം അധികൃതരും വനം വകുപ്പ് ഉദ്യോഗസ്ഥരുമാണ് യാതൊരു മുന്നറിയിപ്പുമില്ലാതെ വൈദ്യുത വേലി നീക്കം ചെയ്തത്. നിരവധി വർഷങ്ങളായി വന്യജീവികളുംടെ ആക്രമണത്തിൽ നന്നും ഫാമിനെ രക്ഷിക്കാനായി പ്രവർത്തനക്ഷമ

മായിരുന്ന വൈദ്യത വേലി, ആദിവാസികൾക്ക് പട്ടയം നല്കിയതിന് ശേഷം എന്തിന് പൊളിച്ചു മാറ്റി എന്നത് ദുരൂഹമാണ്. കാട്ടാനക്കൂട്ടങ്ങളുടെ ആക്രമണത്തിൽ പിടിച്ചു നില്ക്കാൻ കഴിയാതെ അവശേഷിച്ച ആദിവാസികളും ഇറങ്ങിപ്പോകാൻ നിർബന്ധിതരായി.

ഒട്ടേറെ ക്ഷേമ പ്രവർത്തനങ്ങൾ പൊതുസമൂഹത്തനായി താങ്കളുടെ സർക്കാർ ചെയ്യുന്നുണ്ട്. വമ്പൻ വികസന പരിപാടികൾ ധ്രുതഗതയിൽ നടപ്പാക്കുന്നുണ്ട്. വിദ്യാഭ്യാസത്തിനും വികസന മേഖലയിലെ പുരോഗതിക്കും വേണ്ടി ഞങ്ങളുടെ ശവപ്പറമ്പുകൾ കൈയ്യേറി സ്ഥാപിച്ച സ്കൂളുകൾക്ക് പോലും കോടികൾ നല്കുന്നുണ്ട്. പക്ഷെ ഈ ചെറിയ മനുഷ്യരോട് ഇത്ര ക്രൂരവും മനുഷ്യത്വ രഹിതവുമായി എന്തിനാണ് ഇങ്ങനെ പെരുമാറുന്നത്. മിതമായ ഭാഷയിൽ പറഞ്ഞാൽ ഇത് വംശീയവും ജാതീയവുമായ വിവേചനമാണ്.

ലോകമെമ്പാടും ഇന്ന് ആദിവാസികളുടെ പ്രശ്നങ്ങളോട് ഉള്ളു തുറന്ന സമീപനം കാട്ടിത്തുടങ്ങിയിട്ടുണ്ട്. ഇത്രയേറെ അനുഭവ സമ്പത്തുള്ള താങ്കളും, താങ്കളുടെ സർക്കാരും ന്യൂനപക്ഷം വരുന്ന ഈ ജനതയ്ക്ക് ജീവിക്കാനുള്ള അവസരം നല്കുന്നതിനെക്കുറിച്ച് ഗൗരവമായി ചിന്തിക്കണം.

ആറളം ഫാമിലെ പകുതി ഭൂമി ഒരു കമ്പിനിക്ക് കൈമാറി അവിടെ ഇക്കോടൂറിസം നടപ്പാക്കാനുള്ള പദ്ധതി സർക്കാർ ആലോചിക്കുന്നതായി ഞങ്ങൾ മനസിലാക്കുന്നു. ടൂറിസത്തിന് വേണ്ടി മാറ്റിവെക്കുന്ന മേഖലയ്ക്ക് മാത്രം വൈദ്യുതവേലിയുടെ സംരക്ഷണം മതിയെന്നാകാം ഉദ്യാഗസ്ഥർ ആലോചിക്കുന്നത്. ടൂറിസ്റ്റുകളുടെ സന്തോഷം നല്ലതു തന്നെ. പക്ഷെ അത് ആദിസാവാസികളുടെ ചെലവിലും അവർക്ക് അവകാശപ്പെട്ട ഭൂമിയിലും തന്നെ വേണമെന്ന് നിർബന്ധമുണ്ടോ? കമ്പനിക്ക് വേണ്ടി പിടിച്ചെടുക്കുന്ന പുകുതി ഭൂമി സംരക്ഷിക്കാനും വേലികെട്ടി ഭദ്രമാക്കാനും എത്ര വേഗതയിലാണ് 16 ലക്ഷം രൂപ ഭരണാധികാരികൾ കണ്ടെത്തയത്? കമ്പനിയുടെ പ്രവർത്തനത്തിനായി 15 ലക്ഷവും വകയിരുത്തി. ആറളം ഫാമിലെ ഉദ്യോഗസ്ഥരുടെ വി ആർ എസിനുള്ള തുകയും മറ്റ് സൗകര്യങ്ങൾക്കും ആദിവാസി പുനരധിവാസ ഫണ്ടിൽ നിന്നും കോടികൾ ചെലവഴിക്കുന്നു. ആദിവാസികളുടെ പുനരധിവാസത്തിനായി വിലയ്ക്കു വാങ്ങിയ ഭൂമിയിൽ നിന്നുള്ള കോടികളുടെ വരുമാനത്തിൽ നിന്നും അവർക്ക് പണിയായുധം വാങ്ങാനുള്ള പണമെങ്കിലും കൊടുക്കേണ്ടതായിരുന്നു.

ഈ വിവേചനം ഒരു ജനാധിപത്യ സമൂഹത്തിന് നിരക്കുന്നതല്ല. ആദിവാസി ഭൂമി മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കരുത്. വികസനത്തിന്റെ പേരിൽ ആദിവാസികളുടെ ഭൂമി പിടച്ചെടുക്കരുത്. ആറളം ഫാം സമ്പൂർണ്ണമായും ആദിവാസികളിലേക്ക് എത്തിക്കണം. ഒരു കമ്പനിക്കും അത് കൈമാററരുത്. ദയവായി താങ്കൾ ഈ പ്രശ്നത്തിൽ നേരിട്ട് ഇടപെടണം. കണ്ണൂർ ജില്ലയിലെ ആദിവാസികൾ ജൂൺ ഏഴ് മുതൽ ജീവിക്കാനുള്ള അവകാശത്തിനായുള്ള ഒരു സമരം കലക്ട്രേറ്റിന് മുന്നിൽ ആരംഭിച്ചിരിക്കയാണ്. താഴെ പറയുന്ന ആവശ്യങ്ങൾ പരിഹരിച്ചാൽ ആദിവാസികളുടെ പുനരധിവാസത്തിനുള്ള തുടക്കാമാകും.

**1.** ആറളം ഫാമിൽ പട്ടയം നല്കിയ ആദിവാസി കുടുംബങ്ങളെ കോളനികൾ നിന്നും തിരിച്ചു കൊണ്ടു വരിക. കൃഷി ചെയ്യാനുള്ള സാമ്പത്തിക സഹായവും തൊഴിലും നല്കുക.

**2.** ഭവന നിർമ്മാണത്തിന് വകയിരുത്തിയ പണം ആദിവാസികൾക്ക് കൈമാറുക.

**3.** വൈദ്യതവേലി പുന:സ്ഥാപിക്കുക, അതിന്റെ മേൽനോട്ടം ആദിവാസികളുടെ സമിതിയെ ഏൽപ്പിക്കുക.

**4.** വൈദ്യതവേലി നീക്കം ചെയ്ത് ആദിവാസികളെ വാസസ്ഥലം വിട്ടു പോകാൻ നിർബ്ബന്ധിതരാക്കിയ ഫാം ഉദ്യാഗസ്ഥർക്കും വനം വകുപ്പ് ഉദ്യോസ്ഥർക്കുമെതിരെ പട്ടികവർഗ പീഡന നിരോധന നിയമമനുസരിച്ച് കേസെടുക്കുക.

**5.** ചികിൽസാ സൗകര്യം, കുടിവെള്ള പദ്ധതി എന്നിവ നടപ്പാക്കുക സൗജന്യ റേഷൻ വിതരണം ഫലപ്രദമായി നടപ്പാക്കുക.

**6.** വന്യ ജീവികളുടെ ആക്രമണത്തിൽ മരിച്ചവർക്കും പരിക്കു പറ്റിയവർക്കും കുടിലുകൾ നഷ്ടപ്പെട്ടവർക്കും നഷ്ടപരിഹാരം നല്കുക കാട്ടുതീ കൊണ്ട് വസ്തു വകകൾ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നല്കുക.

**7.** 11ാം ബ്ലോക്കിൽ കാലവർഷത്തിൽ ഒഴുകിപ്പോയ താത്കാലിക പാലത്തിനു പകരം പുതിയ പാലം നിർമ്മിക്കുക. റോഡുകൾ ഗതാഗത യോഗ്യമാക്കുക.

**8.** സ്കൂൾ ബസ് പുനസ്ഥാപിക്കുക, വിദ്യാഭ്യാസ സൗകര്യം മെച്ചപ്പെടുത്തുക.

**9.** ആദിവാസി പുനരധിവാസത്തിന് ആറളം ഫാമിൽ ഒരു സ്പെഷ്യൽ ഓഫീസറെയും ആവശ്യമായ സ്റ്റാഫിനെയും നിയമിക്കുക. പുനരധിവാസ പ്രവർത്തനത്തിൽ സംസ്ഥാന പുനരധിവാസ കമ്മീഷൻ നേരിട്ട് മേൽനോട്ടം വഹിക്കുക.

**10.** ആറളം ഫാമിനുള്ളിൽ ആദിവാസികളല്ലാത്തർ നടത്തുന്ന കച്ചവട സ്ഥാപനങ്ങൾ നിരോധിക്കുക, മണൽ വാരൽ ലോബികളെ നിയന്ത്രിക്കുക, വ്യാജമദ്യ വില്പന തടയുക.

**11.** പകുതി ഭൂമി കമ്പനിക്ക് കൈമാറുന്ന നടപടി നിർത്തുക. വയനാട് ജില്ലയിലെ ആദിവാസികൾക്കും കണ്ണൂർ ജില്ലയിലെ അവശേഷിക്കുന്ന ആദിവാസികൾക്കും ഭൂമി നല്കുക. മലയ വേട്ടുവ സമുദായത്തോട് കാട്ടിയ വിവേചനം അവസാനിപ്പിക്കുക.

**12.** ആറളം ഫാം ഭൂമി സംരക്ഷിക്കാൻ നിയമനിർമ്മാണം നടത്തുക. പട്ടിക വർഗ മേഖലയായി പ്രഖ്യാപിച്ച് ആദിവാസി ഗ്രാമസഭകൾക്ക് രൂപം നല്കുക.

മേൽപറഞ്ഞ ആവശ്യങ്ങൾ അംഗീകരിക്കാനുള്ള അടിയന്തിര നടപടി കൈക്കൊള്ളണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

കണ്ണൂർ 07.06.2008

പ്രിയ കേരളീയം വായനക്കാരാ/രി, താങ്കൾ കേരളീയത്തോടൊപ്പം എന്നും ഉണ്ടായിരുന്നു. നമ്മൾ സാമ്പത്തിക പ്രതിസന്ധിയിലാണ്. ദയവായി വരിസംഖ്യയും (240 രുപ), കഴിയുന്ന സംഭാവനയും ഉടനെ അയച്ചുതരിക.
കേരളീയം, കൊക്കാലെ, തൃശൂർ-21.
ഫോൺ : 9446576943, 0487 -2421385